കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലായ് 22, വ്യാഴം

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 24

നിയമസഭ 1999 ജൂലായ് മാസം 22-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ...ചോദ്യം *554.

1 (*554) ജലത്തിന്റെ ഗുണമേൻമ തിട്ടപ്പെടുത്തുന്നതിന് സംവിധാനം

ശ്രീ. ജോസ് ബേബി :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :

ശ്രീ. യു.എസ്. ശശി :

പ്രൊഫസർ മീനാക്ഷി തമ്പാൻ :

ശ്രീ. കെ. പ്രകാശ് ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശുദ്ധജലത്തിന്റെ ഗുണമേൻമ തിട്ടപ്പെടുത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലയിലും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(ഡി) ഇതിനുവേണ്ടി എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ,

(എ) ഉണ്ട്.

(ബി) പ്രധാനപ്പെട്ട ശുദ്ധജലവിതരണ പദ്ധതികളുടെ ശുദ്ധീകരണ ശാലകളിൽ ജലം ശാസ്ത്രീയമായി ശുദ്ധീകരിച്ചശേഷം ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്. മറ്റ് ചെറുകിട ശുദ്ധജലവിതരണ പദ്ധതികളിൽ ബ്ലീച്ചിംഗ് പൗഡറോ ക്ലോറിനോ ഉപയോഗിച്ച് അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്. പ്രാഥമികമായ ഗുണനിലവാര ടെസ്റ്റുകൾ ഓരോ ദിവസവും പദ്ധതികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ നടത്താറുണ്ട്. ഇതിനുപുറമേ ആലുവ, കോഴിക്കോട് എന്നിവിടങ്ങളിൽ നിലവിലുള്ള കാളിറ്റി കൺട്രോൾ ഡിവിഷനുകളുടെ കീഴിലുള്ള ലബോറട്ടറികൾ നിശ്ചിത കാലയളവിൽ വിവിധ ശുദ്ധജല പദ്ധതികളിൽനിന്നുള്ള ജലം പരിശോധിച്ച് വിവരം പദ്ധതികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരെ അറിയിക്കുകയും, ഗുണനിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ സന്ദർഭങ്ങളിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ സാംക്രമികരോഗങ്ങളും മറ്റുമുള്ള അവസരങ്ങളിൽ ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളം കൂടുതൽ കർശനമായ ഗുണനിലവാര ടെസ്റ്റുകൾ നടത്തിയാണ് വിതരണംചെയ്യുന്നത്.

(സി) വിതരണം നടത്തുന്ന വെള്ളത്തിന്റെ ഗുണമേൻമ പരിശോധിക്കുവാനും മെച്ചപ്പെടുത്തുവാനുമായി ഓരോ ജില്ലയിലും പ്രത്യേകം ലബോട്ടറി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി† ചേർത്തിരിക്കുന്നു.

(ഡി) രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ ധനസഹായത്തോടെ കുടിവെള്ളത്തിന്റെ ഗുണപരിശോധനയ്ക്കായി ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി പ്രോജക്ട് പ്രൊപ്പോസൽ ഉടനെ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്. കേരളത്തിൽ ഇപ്പോൾ നിലവിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ പ്രയോജനംകൂടി ഉൾക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പോളിടെക്നിക്കുകൾ തുടങ്ങിയവകൂടി ഉൾപ്പെടുത്തിയായിരിക്കും ഈ പ്രോജക്ടിന്റെ പ്രൊപ്പോസൽ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. യു.എസ്. ശശി : സർ, നമ്മുടെ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ശുദ്ധജലം പ്രധാനമായും പുഴകളിൽനിന്നും നദികളിൽനിന്നും എടുക്കുന്ന വെള്ളം ശുദ്ധീകരിച്ചതാണ്. ഇത് ശുദ്ധീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നു എന്നുള്ള ആക്ഷേപമുണ്ട്. അത്തരം സാഹചര്യത്തിൽ ശരിയായ രീതിയിൽ ശുദ്ധീകരിച്ച വെള്ളം കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ കർശനമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇപ്പോൾത്തന്നെ അതിനുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുഴകളിൽനിന്ന് എടുക്കുന്ന വെള്ളം ട്രീറ്റ്മെന്റ് പ്ലാന്റ് വഴിയാണ് വിതരണം ചെയ്യുന്നത്. ട്രീറ്റ്മെന്റ് പ്ലാന്റിലാണ് ശുദ്ധീകരണ സംവിധാനം ഉള്ളത്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു.എസ്. ശശി : ബ്ലീച്ചിംഗ് പൗഡർ അമിതമായി ഉപയോഗിക്കുന്നതിന്റെ ഫലമായി വെള്ളത്തിന് ദുർഗന്ധമുണ്ടാകുന്നതായി പലപ്പോഴും അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് അതുസംബന്ധിച്ച് പരിശോധന നടത്തി ആവശ്യത്തിനുമാത്രം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ബ്ലീച്ചിംഗ് പൗഡറും ക്ലോറിനുമൊക്കെ കണക്കനുസരിച്ച് ചേർത്താണ് വെള്ളം ശുദ്ധീകരിക്കുന്നത്. ഇത് ചേർക്കുന്ന അവസരത്തിൽ അളവിൽ പിശക് വരുത്തുകയില്ല. കാരണം വെള്ളത്തിന്റെ ഒഴുക്ക് ടെയ്ൽ-എൻഡ് വരെ പോകുമ്പോൾ നിലനിൽക്കത്തക്ക വിധത്തിൽ, ബാക്ടീരിയ സംവിധാനത്തെ ഒഴിവാക്കത്തക്കരീതിയിൽ അതിന്റെ അളവ് കണക്കാക്കിയാണ് ക്ലോറിനും ബ്ലീച്ചിംഗ് പൗഡറുമൊക്കെ ചേർക്കാറുള്ളത്.

പ്രൊഫ. മീനാക്ഷി തമ്പാൻ : ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ചില പദ്ധതികളുണ്ട്. ആ വെള്ളത്തിൽ ഫ്ളൂറൈഡ് കലർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം പ്രദേശങ്ങളിലാണ് ക്രമത്തിലധികം ഫ്ളൂറൈഡ് കലർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; അത് നീക്കം ചെയ്ത് ശുദ്ധമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : നമ്മുടെ സംസ്ഥാനത്ത് ജല പരിശോധന നടത്തിയപ്പോൾ ആലപ്പുഴ ജില്ലയിലാണ് ഫ്ളൂറൈഡ് ഉണ്ടായിട്ടുള്ളത്. അളവിൽ കൂടുതൽ ഫ്ളൂറൈഡ് കാണാറുണ്ട്. അപ്പോഴപ്പോൾ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. പക്ഷെ ഗ്രൗണ്ട്വാട്ടറിൽ എല്ലാ സ്ഥലത്തും വെള്ളത്തിൽ ഫ്ളൂറൈഡിന്റെ സംശയമുണ്ട്. അതിന് സ്ഥായിയായ പരിഹാരം വേണം; അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

പ്രൊഫ. മീനാക്ഷി തമ്പാൻ : സംസ്ഥാനത്തെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പഠനങ്ങൾ, പ്രത്യേകിച്ച് സി. ഡബ്ല്യു.ആർ.ഡി.എം. നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് പരിശോധിച്ച് അതിനനുസരിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : എല്ലാ ജില്ലകളിലും ലബോറട്ടറികൾ സ്ഥാപിച്ച് എല്ലാ പരിശോധനാ സ്ഥലത്തും ത്രിതല സംവിധാനവുമാണ് പരിശോധനയ്ക്കുവേണ്ടി എടുത്തിട്ടുള്ളത്. അതെല്ലാം ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. കെ. പ്രകാശ് ബാബു : പ്ലാന്റുകളിലെ ശുദ്ധീകരണംപോലെതന്നെ പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കും കുടിവെള്ളത്തെ മലിനപ്പെടുത്തുന്നുണ്ട്. പകർച്ചവ്യാധികളുടെ ഏറ്റവും വലിയ കാരിയറാണ് വെള്ളം. അതുകൊണ്ട് ക്ലോറിനേറ്റ് ചെയ്യുന്നുവെങ്കിലും ശരിയായ അളവിൽ അല്ല എന്നുള്ളതുകൊണ്ട് പലപ്പോഴും ഹോട്ടലുകളിലായാലും നിയമസഭയുടെ ക്യാന്റീനിൽപ്പോലും കുടിക്കാൻകിട്ടുന്ന ചൂടുവെള്ളത്തിൽ ക്ലോറിന്റെ ചുവ അറിയാനുണ്ട്. അതുകൊണ്ട് പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്ക് പരിശോധിക്കുന്നതിന് ഇതിന്റെ ശുദ്ധീകരണത്തിന് ഉപയോഗിക്കുന്ന ക്ലോറിൻ ഉൾപ്പെടെയുള്ള എല്ലാത്തിന്റേയും അളവുകൾ പരിശോധിക്കുന്നതിനും വളരെ വ്യക്തമായ നിർദ്ദേശം കൊടുക്കുമോ? ഓരോ പ്രാവശ്യവും പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ പേരും ഏത് ദിവസമാണ് പരിശോധന നടത്തിയത് എന്നുള്ളതും വെളിപ്പെടുത്തത്തക്കനിലയിൽ പരിശോധിക്കുന്നതിന് അതാത് പ്ലാന്റിന്റെ പ്രദേശത്ത്,

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ അതാത് സോഴ്സിന്റെ പ്രദേശത്ത് ആർക്കും നോക്കത്തക്കനിലയിൽ അത് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ക്ലോറിൻ, ആലം, അതുപോലെ ബ്ലീച്ചിംഗ് പൗഡർ-ഇവയൊക്കെ കൃത്യമായ അളവ് അനുസരിച്ചാണ് ചേർക്കാറുള്ളത്. അളവു മാത്രമല്ല ഗുണനിലവാരവും പരിശോധിക്കാറുണ്ട്. ഉപയോഗിക്കുന്ന ക്ലോറിൻ, ആലം, ബ്ലീച്ചിംഗ്പൗഡർ എന്നിവയുടെ ഗുണനിലവാരം പരിശോധിച്ചതിനുശേഷം മാത്രമേ വെള്ളത്തിൽ ചേർക്കുകയുള്ളൂ. ചേർക്കുമ്പോൾ അതിനൊക്കെ പ്രത്യേക വ്യവസ്ഥകളും ചിട്ടകളും കണക്കുകളുമൊക്കെയുണ്ട്. ഹോട്ടലുകളിലും നമ്മുടെ നിയമസഭാ കാന്റീനിൽപോലും വെള്ളത്തിൽ ക്ലോറിൻ ചുവയുണ്ടാകുന്നു എന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അത് ദോഷം ചെയ്യുന്നതാണോയെന്ന് പരിശോധിച്ചിട്ടുണ്ട്. ശകലം പോലും പിശക് വരാത്ത രീതിയിൽത്തന്നെയാണ് ക്ലോറിനേറ്റ് ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടുള്ളത്.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻമാരുടെ പേരുവിവരം പ്രസിദ്ധപ്പെടുത്തണം എന്നുകൂടി ചോദിച്ചിരുന്നു. ഭൂജലവിതാനത്തിൽ ഉണ്ടാകുന്ന മാറ്റവും ജലസംഭരണത്തിന്റെ അളവും അതുപോലെ രാസപരിണാമങ്ങളെക്കുറിച്ചുമൊക്കെ പഠനം നടത്തുന്നതിനുവേണ്ടി ഒരു ഹൈഡ്രോളജി പ്രോജക്ട് ഭൂജലവകുപ്പിന്റെ കീഴിൽ പ്രവർത്തനം നടത്തുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. അത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; അതിന് ഏതെങ്കിലും ധനകാര്യഏജൻസിയുടെ സഹായം ലഭിക്കുന്നുണ്ടോയെന്നുകൂടി വ്യക്തമാക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : നിലവിലുള്ള സംവിധാനത്തിനു പുറമേ ജനപങ്കാളിത്തത്തോടുകൂടി ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ ധനസഹായത്തോടെ കൊച്ചിയിൽ ഒരു സ്റ്റേറ്റ് ലെവൽ വാട്ടർ ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കാനും അതിനോടനുബന്ധിച്ച് ഓരോ ജില്ലയിലും കുടിവെള്ളത്തിന്റെ ഗുണമേൻമ പരിശോധിക്കുന്നതിനുള്ള പുതിയ സംവിധാനം ഏർപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>മി. സ്പീക്കർ</u> : സമയം ലാഭപ്പെടുത്തുന്നതിനുവേണ്ടി ചോദ്യം നമ്പർ *(556)-ഉം *(560) - ഉം കൂടി എടുക്കാം.

2 (*556) വില്ലേജുകളിൽ ശുദ്ധജലം ലഭ്യമാക്കാൻ നടപടി

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> :
<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> :
<u>ശ്രീ. ഇ.ടി മുഹമ്മദ് ബഷീർ</u> :
<u>ശ്രീ. പി.കെ.കെ ബാവ</u> :
<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ വില്ലേജുകളിലും ശുദ്ധജലം ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനിയും എത്ര വില്ലേജുകളിൽ ശുദ്ധജലം ലഭ്യമാക്കേണ്ടതുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

*(22.7.1999 ലെ ചോദ്യം നമ്പർ 1(*554) ന്റെ ഉത്തരം കാണുക)*

(1) തിരുവനന്തപുരം : ഈ ജില്ലയിലെ അരുവിക്കര വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥിതിചെയ്യുന്ന പരിസരത്ത് ഒരു ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു. ഇവിടെ വെള്ളത്തിനുപുറമേ ആലം, ലൈം, ബ്ലീച്ചിംഗ് പൗഡർ എന്നിവയുടെ ഗുണമേന്മയും പരിശോധിക്കുന്നുണ്ട്.

(2) കൊല്ലം : ഈ ജില്ലയിൽ കൊല്ലത്തെ ജല അതോറിറ്റി ഒ.എച്ച്. ടാങ്ക് ഓഫീസ് പരിസരത്ത് ഒരു ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു.

(3) ആലപ്പുഴ : ഈ ജില്ലയിൽ ആലപ്പുഴ കേരള വാട്ടർ അതോറിറ്റി ഓഫീസ് പരിസരത്ത് ഒരു ഗുണമേന്മ പരിശോധനാ ജില്ലാ ലബോറട്ടറി പ്രവർത്തിക്കുന്നു.

(4) പത്തനംതിട്ട : ഈ ജില്ലയിൽ തിരുവല്ലയിലെ കേരള വാട്ടർ അതോറിറ്റി പരിസരത്ത് ഒരു ജില്ലാതല ഗുണമേന്മ പരിശോധനാലബോറട്ടറി പ്രവർത്തിക്കുന്നു. ഇവിടെ വെള്ളത്തിനുപുറമേ ആലം, ലൈം, ബ്ളീച്ചിംഗ് പൗഡർ എന്നിവയുടെ ഗുണമേന്മയും പരിശോധിക്കുന്നുണ്ട്.

(5) കോട്ടയം : ഈ ജില്ലയിലെ കോട്ടയത്തെ കേരള വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എൻജിനീയർ ഓഫീസ് പരിസരത്ത് ഒരു ജില്ലാതല ഗുണമേന്മ പരിശോധനാലബോറട്ടറി പ്രവർത്തിക്കുന്നു.

(6) ഇടുക്കി : ഈ ജില്ലയിലെ പൈനാവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസ് പരിസരത്ത് ഒരു ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു.

(7) എറണാകുളം : ഈ ജില്ലയിൽ ആലുവയിൽ ട്രീറ്റ്മെന്റ് പ്ലാന്റ് പരിസരത്ത് ഒരു ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു. ഇവിടെ, വെള്ളത്തിനുപുറമേ ആലം, ലൈം, ബ്ലീച്ചിംഗ് പൗഡർ എന്നിവയുടെ ഗുണമേന്മയും പരിശോധിക്കുന്നുണ്ട്.

(8) തൃശൂർ : ഈ ജില്ലയിൽ കിഴക്കുംപാട്ടുകര എന്ന സ്ഥലത്ത് കേരള വാട്ടർ അതോറിറ്റി സ്റ്റോർ പരിസരത്ത് ഒരു ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു. ഇവിടെ വെള്ളത്തിനുപുറമേ ആലം, ലൈം, ബ്ലീച്ചിംഗ് പൗഡർ എന്നിവയുടെ ഗുണമേന്മയും പരിശോധിക്കുന്നുണ്ട്.

(9) പാലക്കാട് : ഈ ജില്ലയിൽ കൽമണ്ഡപം എന്ന സ്ഥലത്ത് വാട്ടർ അതോറിറ്റി ഓഫീസ് പരിസരത്ത് ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു.

(10) മലപ്പുറം : ഈ ജില്ലയിൽ കോട്ടക്കുന്ന് എന്ന സ്ഥലത്ത് വാട്ടർ അതോറിറ്റി ഒ.എച്ച്. ടാങ്ക് പരിസരത്ത് ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(11) കോഴിക്കോട് : ഈ ജില്ലയിൽ മാലാപറമ്പ് എന്ന സ്ഥലത്ത് ജല അതോറിറ്റി ഓഫീസ് പരിസരത്ത് ഒരു ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു.

(12) വയനാട് : ഈ ജില്ലയിൽ കല്പറ്റ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസ് പരിസരത്ത് ഒരു ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു.

(13) കണ്ണൂർ : ഈ ജില്ലയിൽ കണ്ണൂർ (താണ) ഒ.എച്ച്. ടാങ്ക് ഓഫീസ് കെട്ടിടത്തിൽ ഒരു ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു. ഇവിടെ വെള്ളത്തിനു പുറമേ ആലം, ലൈം, ബ്ലീച്ചിംഗ് പൗഡർ എന്നിവയുടെ ഗുണമേന്മയും പരിശോധിക്കുന്നുണ്ട്.

(14) കാസർഗോഡ് : ഈ ജില്ലയിൽ വിദ്യാനഗർ എന്ന സ്ഥലത്ത് ജല അതോറിറ്റി ഓഫീസ് പരിസരത്ത് ഒരു ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു.

അനുബന്ധം 2

*(22.7.1999 ലെ ചോദ്യം നമ്പർ 12 (*565) ന്റെ ഉത്തരം കാണുക)*

കേരള സർക്കാർ - തൊഴിൽ വകുപ്പ്

ലേബർ അജണ്ട - 2000

അടുത്ത നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ ക്ഷേമവും വികസനവും ഉറപ്പുവരുത്താൻ ഗവണ്മെന്റ് ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പത്തിന കർമ്മ പദ്ധതിയാണ് ലേബർ അജണ്ട - 2000. പുതിയ തൊഴിൽനയത്തിന്റെ അവിഭാജ്യ ഘടകമായിരിക്കും ഇവ.

ലേബർ അജണ്ട - 2000 ൽ ഉൾപ്പെടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തൊഴിലാളികൾക്ക് അവശ്യഘട്ടങ്ങളിൽ അനായാസമായി ചെറുകിട വായ്പ ലഭ്യമാക്കാനും അവരെ കടക്കെണിയിൽനിന്നും മോചിപ്പിക്കാനും ഒരു ലേബർ ബാങ്ക് സ്ഥാപിക്കുക.

2. ആഗോളവത്കൃത സമൂഹത്തിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കാനും പുത്തൻ സാങ്കേതികവിദ്യകളിൽ പരിശീലനം നൽകി തൊഴിലാളികളെ പ്രാപ്തരാക്കാനും തൊഴിൽരംഗത്ത് ഗവേഷണ പഠനങ്ങൾ നടത്താനുമായി അന്തർദേശീയ നിലവാരത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ സ്റ്റഡീസ് ആന്റ് മാനേജ്മെന്റ് സ്ഥാപിക്കുക. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ എംപ്ലോയ്മെന്റ് (KILE) പുനഃസംഘടിപ്പിച്ചായിരിക്കും ഇത്.

3. എല്ലാ തൊഴിലാളികൾക്കും വീട് ഉറപ്പാക്കാൻ വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കുക.

4. തൊഴിലാളികളുടെ സുരക്ഷയ്ക്കായി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.

5. വിവിധ ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിക്കാനും അവയുടെ പ്രവർത്തനം കൂടുതൽ പ്രയോജനപ്രദമാക്കാനും ഒരു ലേബർ അതോറിറ്റി രൂപീകരിക്കുക.

6. തൊഴിലാളികളുടെ ആരോഗ്യ പരിപാലനം കൂടുതൽ കാര്യക്ഷമമാക്കാൻ സംസ്ഥാനത്ത് മാത്രമായി ഒരു ഇ.എസ്.ഐ. - കോർപ്പറേഷൻ എന്ന നിർദ്ദേശം നടപ്പാക്കുക. ഇത് കേന്ദ്ര കോർപ്പറേഷന്റെ സബ്സിഡിയറിയായി പ്രവർത്തിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly